(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിലെ അപ്രൈസർമാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ നിയമിച്ച അഡ്വ. പി. എം. സുരേഷ് ബാബു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഉല്പാദക സഹായ പദ്ധതികൾ

60 (5865) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായവകുപ്പുമുഖേന നടപ്പിലാക്കിവരുന്ന ഉല്പാദക സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി സർക്കാർ സഹായധനം നൽകുന്നുണ്ടോ ; 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്താമോ ;

(സി) ഖാദി ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 2011, 2012, 2013, 2014, എന്നീ വർഷങ്ങളിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായവകുപ്പുമുഖേന ഉല്പാദക സഹായ പദ്ധതിയായ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്ത് ഖാദി മേഖലയിൽ വരുമാന പൂരക പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഉല്പാദക സഹായപദ്ധതി പ്രകാരം 151.60 ലക്ഷം രൂപയും വരുമാന പൂരക പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) പ്രകാരം 22 കോടി രൂപയും സർക്കാർ അനുവദിച്ചിരുന്നു.

(സി) സർക്കാരിനുകീഴിലുള്ള കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഉല്പന്നങ്ങളുടെ നേരിട്ടുള്ള കയറ്റുമതി നടത്തുന്നില്ല.

മില്ലെനീ റെഡിമെയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം

61 (5866) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെകീഴിൽ പ്രവർത്തിക്കുന്ന മില്ലെനീറെഡിമെയ്ഡ് യൂണിറ്റിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു ; അവരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) ഇവർക്ക് വേതന പരിഷ്കരണം നടത്തുന്നതിന്റെ മാനദണ്ഡമെന്താണ് ; ഉച്ചമായ ശമ്പളത്തിന് ജോലി നോക്കുന്ന ഈ തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) റെഡിമെയ്ഡ് യൂണിറ്റുകളിലെ നിലവിലുള്ള പീസ് റേറ്റ് എല്ലാ യൂണിറ്റുകളിലും ഏകീകരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ;

(ഡി) മില്ലെനീ റെഡിമെയ്ഡ് യൂണിറ്റിൽ ഒരു ജനറേറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു സൂപ്പർവൈസർ ഉൾപ്പെടെ 27 തൊഴിലാളികൾ ജോലി ചെയ്യുന്നു. സൂപ്പർവൈസർക്ക് കരാർ വ്യവസ്ഥയിലും മറ്റുള്ളവർക്ക് പീസ് റേറ്റ് പ്രകാരവുമാണ് വേതനം നൽകുന്നത്.

(ബി&സി) മാനദണ്ഡം പീസ് റേറ്റ് അടിസ്ഥാനമാക്കിയുള്ളതാണ്. ഇവരുടെ വേതനം പരിഷ്കരിക്കുന്നതിനുവേണ്ടി കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലെ ധനകാര്യ ഉപദേഷ്ടാവിന്റെ നേതൃത്വത്തിൽ ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത കമ്മിറ്റി പരിശോധിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly